# ALL UNIONS / ASSOCIATIONS OF BSNL
## KERALA CIRCLE

സർക്കുലർ നമ്പർ: 08/2018-2020 തീയതി: 13-08-2018

# റിലീഫ് ഫണ്ട് ശേഖരണം

സഖാവെ / സുഹൃത്തെ,

കാലവർഷക്കെടുതി നേരിടുന്ന കേരള ജനതയെ സഹായിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ആൾ യൂണിയൻസ്/അസോസിയേഷന്റെ സർക്കിൾതല യോഗം 13-08-2018 ന് തിരുവനന്തപുരം പി & ടി ഹൗസിൽ ചേർന്നു. ശ്രീ.ടി.സന്തോഷ്കുമാർ (എസ്.എൻ.ഇ.എ) അദ്ധ്യക്ഷത വഹിച്ചു. ശ്രീ.ബിനു (AIBSNLEA) ശ്രീ.സഹീർ (AIGETOA), ശ്രീ.ബി.സുശീലൻ (SEWA BSNL), സ.കെ.സതികുമാർ (എൻ.എഫ്.ടി.ഇ), സ.സി.സന്തോഷ്കുമാർ (ബി.എസ്.എൻ.എൽ.ഇ.യു), ശ്രീ.ലാൽകുമാർ, ശ്രീ.ശ്യാംകുമാർ (NUBSNLW), ശ്രീ.ജി.വി.രമണ (SNEA) എന്നിവർ യോഗത്തിൽ പങ്കെടുത്തു. വിശദമായ ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. കാലവർഷക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന കേരള ജനതയെ സഹായിക്കുന്നതിന് ബി.എസ്.എൻ.എൽ.ജീവനക്കാരുടെ ഒരു ദിവസത്തെ അടിസ്ഥാന ശമ്പളം നൽകുവാൻ യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. പ്രസ്തുത തുക ആഗസ്റ്റ് മാസത്തിലെ ശമ്പളത്തിൽ നിന്നുതന്നെ റിക്കവറി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സി.ജി.എം.ന് നേരിട്ട് കത്ത് നൽകുവാൻ തീരുമാനിച്ചു.
2. ജൂലൈ 23,24,25 തീയതികളിൽ നടന്ന റിലേ നിരാഹാരസമരവുമായി ബന്ധപ്പെട്ട് സേവാ ബി.എസ്.എൻ.എൽ. ഉന്നയിച്ച പരാതി അതാത് ജില്ലാ കൺവീനർമാരെ അറിയിക്കണം.
3. കേസുമായി ബന്ധപ്പെട്ട തുക പിരിച്ചെടുക്കുന്നതിന് 6-7-2018 ൽ ചേർന്ന AUAB യുടെ തീരുമാനം നടപ്പിലാക്കണം. സംഘടനകൾ നൽകേണ്ട തുക സംസ്ഥാന കൺവീനറെ ഏല്പിക്കണം.

അഭിവാദനങ്ങളോടെ,

**സി. സന്തോഷ് കുമാർ,**

കൺവീനർ